LIBRARY ARCHIVES Kerala Legislative Assembly

പ്ലാസ്റ്റിക് നിർമ്മിത കളിപ്പാട്ടങ്ങൾ നിയന്ത്രിക്കാൻ കർശന നടപടി

186 (1944) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർക്കറ്റിൽ സുലഭമായ ചൈനീസ് നിർമ്മിതമായ കളിപ്പാട്ടങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ ഉപയോഗം മനുഷ്യന് ഹാനികരമാണെന്നതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) ഇത്തരം വസ്തുതകൾ നിയന്ത്രിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ ; എങ്കിൽ കുട്ടികളിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നാരോപിതമായതും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന ഖരമാലിന്യവുമായ പ്ലാസ്റ്റിക് നിർമ്മിത ചൈനീസും അതുപോലുള്ളതുമായ കളിപ്പാട്ടങ്ങളും മറ്റു വസ്തുക്കളും നിയന്ത്രിക്കാൻ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാർക്കറ്റിൽ സുലഭമായ ചൈനീസ് നിർമ്മിതമായ വസ്തുക്കളുടെ ഉപയോഗം മനുഷ്യന് ഹാനികരമാണെന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സാധനങ്ങൾ നിയന്ത്രിക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടില്ല. പഞ്ചായത്തിരാജ് ആക്ടിലെ 231-ാം വകുപ്പ് പ്രകാരവും മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പ് പ്രകാരവും ഏതൊരു സാധനവും പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ചൈനീസ് നിർമ്മിത കളിപ്പാട്ടങ്ങൾ നിയന്ത്രിക്കേണ്ടത് അവ ഇറക്കുമതി ചെയ്യാൻ അനുമതി നൽകുന്ന കസ്റ്റംസ് അധികൃതരാണ്. ഇതിന് നടപടി കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നാണ്. ഇത്തരം വസ്തുക്കൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിലവിലില്ല. ചൈനീസ് നിർമ്മിത കളിപ്പാട്ടങ്ങൾ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നോ എന്നകാര്യം തെളിയിക്കപ്പെട്ടിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്.

ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾക്ക് പെൻഷൻ

187 (1945) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ പെൻഷൻ നൽകുന്നതിനെ സംബന്ധിച്ച് തീരുമാനം എടുക്കുമോ ;

(ബി) ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകാനാവുമോ എന്നതിന്റെ സാദ്ധ്യത സർക്കാർ പരിശോധിക്കുന്നുണ്ട്.

(ബി) ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വനിതാ സംവരണംമൂലം പഞ്ചായത്തുകളിലെ ഭരണത്തിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ വിലയിരുത്തൽ

188 (1946) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിൽ 50% വനിത സംവരണം നടപ്പിലായതോടുകൂടി പഞ്ചായത്ത് പ്രവർത്തനങ്ങളിൽ ഉണ്ടായ മാറ്റങ്ങളെ സംബന്ധിച്ച് എന്തെല്ലാം വിലയിരുത്തലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പഞ്ചായത്തുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സ്ഥാനം ഏറ്റെടുത്തിട്ടുള്ളവർക്ക് പ്രത്യേക മുറികൾ സൗകര്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പഞ്ചായത്തുകളിൽ തർക്കങ്ങൾ നിലവിലുണ്ടോ : ഉണ്ടെങ്കിൽ എവിടെ എന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത് അംഗങ്ങൾക്ക് ഭരണത്തിൽ മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ പൊതു തെരഞ്ഞെടുപ്പിലാണ് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വനിതാ സംവരണം 50% ആയി ഉയർത്തി നിശ്ചയിച്ചുകൊണ്ടുള്ള നിയമ ഭേദഗതി പ്രാബല്യത്തിൽ വന്നത്. പൊതു തെരഞ്ഞെടുപ്പിനുശേഷം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ 2010 നവംബർ 1-ാം തീയതി അധികാരമേറ്റ് പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. ആയതിനാൽ 50% വനിതാ സംവരണം നടപ്പിലാക്കിയതിനെ തുടർന്ന് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ സംബന്ധിച്ച് ഒരു വിലയിരുത്തലിനുള്ള സമയമായിട്ടില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങളും സ്ഥിതി വിവര കണക്കുകളും ലഭ്യമാകുന്നതേയുള്ളൂ.

(ബി) ഏതെങ്കിലും പഞ്ചായത്തുകളിൽ തർക്കങ്ങൾ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ ജനപ്രതിനിധികൾക്കും അധികാരമേറ്റ് നൂറ് ദിവസത്തിനകം മൂന്ന് ദിവസത്തെ പ്രാഥമിക പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഭരണ സമിതി അദ്ധ്യക്ഷന്മാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർക്കും വാർഷിക പദ്ധതിയും ബഡ്ജറ്റും തയ്യാറാക്കുന്നത് സംബന്ധിച്ച് രണ്ട് ദിവസത്തെ പരിശീലനം നൽകുന്നതിനും പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly